**ഭരണഭാഷ-മാതൃഭാഷ**

## ഗതാഗത കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**(സാന്നിദ്ധ്യം- ലീമാ മാനുവൽ)**

**വിഷയം :-** മോട്ടോര് വാഹന വകുപ്പ്-ജീവനക്കാര്യം- വകുപ്പിലെ സ്ഥിര ഡ്രൈവർമാർക്ക് യൂണിഫോം നിശ്ചയിച്ച്കൊണ്ട് ഉത്തരവ് - പുറപ്പെടുവിക്കുന്നു

**പരാമർശം :-** 1.സർക്കാര് ഉത്തരവ്(അച്ചടി)07/2016/ഫിൻ തിയതി 20.01.2016
2.08.02.2019 തിയതിയിലെ സി1/255/2018-ട്രാൻസ് നമ്പർ സർക്കാർ കത്ത്

**ഉത്തരവ് നമ്പർ എ5/30701/റ്റിസി/2013 തിയതി 16.02.2019**

പരാമർശം 1 പ്രകാരം ഡ്രൈവർ തസ്തികയിലെ ഉദ്യോഗസ്ഥർക്ക് യൂണിഫോം നിശ്ചയിക്കുവാൻ വകുപ്പ് അദ്ധ്യക്ഷന്മാർക്ക് അധികാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥനത്തിൽ വകുപ്പിലെ സ്ഥിരം ഡ്രൈവർമാർക്ക് യൂണീഫോം തഴെ പറയുന്ന രീതിയിൽ നിശ്ചയിക്കുവാൻ സർക്കാർ അനുമതിക്ക് അപേക്ഷിച്ചിരുന്നു. വകുപ്പിന്റെ അപേക്ഷ പരിഗണിച്ച് ഡ്രൈവർ തസ്തികയിൽ യൂണിഫോം നിശ്ചയിക്കുവാൻ പരാമർശം 2 പ്രകാരം സർക്കാര് അനുമതി നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പിലെ ഡ്രൈവർ തസ്തികയിലുള്ള സ്ഥിര ജീവനക്കാർക്ക് താഴെ പറയും പ്രകാരം യൂണിഫോം നിശ്ചയിച്ച് കോണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. khaki trousers
2. Khaki shirt (half sleeve) with shoulder flap and metal badge bearing letters 'KMV' of golden colour
3. A leather belt (black in colour)
4. A name plate on the right breast pocket
5. Peak cap (Khaki in colour)
6. Canvass shoes (brown in colour)

ഈ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ എല്ലാം തന്നെ പ്രസ്തുത യൂണിഫോം ധരിക്കുന്നുണ്ട് എന്ന് അതാത് നിയന്ത്രണ അധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്/-
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**സ്വീകർത്താവ്**

1.എല്ലാ ഓഫീസ് മേധവികൾക്കും(ഇമെയിൽ മുഖേന)
2.ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ , ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ(എൻഫ്.), അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

16/2/19
ജൂനിയർ സൂപ്രണ്ട്